മേജർ സെമിനാരികൾക്ക് പുതിയ റെക്ടർമാർ

കൊച്ചി: സീറോമലബാർ സഭയുടെ കേരളത്തിലെ മൂന്നു സിനഡൽ മേജർ സെമിനാരികൾക്ക് പുതിയ റെക്ടർമാർ നിയമിതരായി. മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയുടെ റെക്ടറായി റവ. ഡോ. സ്റ്റാൻലി പുൽപ്രയിൽ, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ റെക്ടറായി റവ. ഡോ. ഡൊമിനിക് വെച്ചൂർ, കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയുടെ റെക്ടറായി റവ. ഡോ. മാത്യു പട്ടമന എന്നിവരാണു നിയമിതരായത്. മംഗലപ്പുഴ സെമിനാരിയുടെ റെക്ടറായി 2024 ഓഗസ്റ്റിൽ നടന്ന സിനഡ് തെരഞ്ഞെടുത്ത ഫാ. സ്റ്റാൻലിയെ വത്തിക്കാനിലെ പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയമാണു നിയമിച്ചത്. പൊന്തിഫിക്കൽ സെമിനാരിയായതിനാലാണ് സിനഡ് തെരഞ്ഞെടുക്കുന്ന വൈദികനെ വത്തിക്കാനിൽനിന്നു നിയമിക്കുന്നത്. വടവാതൂർ, കുന്നോത്ത് മേജർ സെമിനാരികളുടെ റെക്ടർമാരായി കഴിഞ്ഞ ജനുവരിയിൽ നടന്ന സിനഡ് തെരഞ്ഞെടുത്ത ഫാ. ഡൊമിനിക്, ഫാ. മാത്യു എന്നിവരെ സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലാണ് നിയമിച്ചത്. അഞ്ചു വർഷമാണ് മൂവരുടെയും നിയമന കാലാവധി.

റവ. ഡോ. സ്റ്റാൻലി പുൽപ്രയിൽ

മംഗലപ്പുഴ സെന്റ് ജോസഫ് സ് പൊന്തിഫിക്കൽ സെമിനാരിയുടെ റെക്ടറായി നിയമിതനായ റവ. ഡോ. സ്റ്റാൻലി പുൽപ്രയിൽ കോതമംഗലം രൂപതാംഗമാണ്. പോത്താനിക്കാട് പുൽപ്രയിൽ പരേതനായ ജോസഫിന്റെയും ഏലിക്കുട്ടിയുടെയും മകനാണ്. മംഗലപ്പുഴ, കാർമൽഗിരി സെമിനാരികളിൽ വൈദികപരിശീലനം. 1992 ഡിസംബർ 28ന് പൗരോഹിത്യം സ്വീകരിച്ചു.

റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽനിന്നു ദൈവശാസ്ത്രത്തിൽ ലൈസൻഷ്യേറ്റും ഡോക്ടറേറ്റും നേടി. കോതമംഗലം രൂപതയുടെ മൈനർ സെമിനാരിയിൽ നാലു വർഷം വൈസ് റെക്ടർ, പത്തു വർഷം റെക്ടർ, മംഗലപ്പുഴ സെമിനാരിയിൽ ദൈവശാസ്ത്ര അധ്യാപകൻ, പ്രേഷിതകേരളം മാസികയുടെ അസോസിയേറ്റ് എഡിറ്റർ, ഫരീദാബാദ് രൂപത വികാരി ജനറാൾ എന്നീനിലകളിൽ സേവനം ചെയ്തിട്ടുണ്ട്. ആറു വർഷമായി കരിമണ്ണൂർ സെന്റ് മേരീസ് ഫൊറോന വികാരിയായി സേവനം ചെയ്തുവരുന്നതിനിടെയാണ് പുതിയ നിയമനം. മോൺ.ജോൺ കരിക്കാട്ടുപറമ്പിലിനൊപ്പം 'പരിസ്ഥിതിക്ക് ഒരു ദൈവശാസ്ത്രം' എന്ന ഗ്രന്ഥം രചിച്ചിട്ടുണ്ട്. ആനുകാലികങ്ങളിൽ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ടോണി നീലങ്കാവിലാണു നിയമന പ്രഖ്യാപനം നടത്തിയത്. മാർച്ച് 31 ന് ചുമതലയേൽക്കും.

റവ. ഡോ. ഡൊമിനിക് വെച്ചൂർ

വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ റെക്ടറായി നിയമിതനായ റവ. ഡോ. ഡൊമിനിക് വെച്ചൂർ പാലാ രൂപതാംഗമാണ്. അറക്കുളം വെച്ചൂർ തോമസ്-ത്രേസ്യാമ്മ ദമ്പതികളുടെ മകനായ ഫാ. ഡൊമിനിക് 1996 ഡിസംബർ 30ന് പൗരോഹിത്യം സ്വീകരിച്ചു. റോമിലെ അൽഫോൻസിയൻ അക്കാദമിയിൽനിന്ന് മോറൽ തിയോളജിയിൽ ഡോക്ടറേറ്റ് നേടിയ ഫാ. ഡൊമിനിക് വിവിധ തിയോളജിക്കൽ സ്ഥാപനങ്ങളിൽ അധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വടവാതൂർ സെമിനാരിയിൽ അധ്യാപകനായി സേവനം ചെയ്തുവരവേയാണ് റെക്ടറായി അദ്ദേഹം നിയമിതനായിരിക്കുന്നത്. സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി കമ്മീഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ തോമസ് തറയിലാണ് നിയമന പ്രഖ്യാപനം നടത്തിയത്.

റവ. ഡോ. മാത്യു പട്ടമന

കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി റെക്ടറായി നിയമിതനായ റവ. ഡോ. മാത്യു പട്ടമന തലശേരി അതിരൂപതാംഗമാണ്. കരിക്കോട്ടക്കരി പട്ടമന പരേതനായ തോമസ്-ത്രേസ്യ ദമ്പതികളുടെ മകനായ ഇദ്ദേഹം 1994 ഏപ്രിൽ ഏഴിന് പൗരോഹിത്യം സ്വീകരിച്ചു.

റോമിലെ ആഞ്ചെലിക്കും പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽനിന്ന് ഫിലോസഫിയിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. തലശേരി മൈനർ സെമിനാരിയിൽ അധ്യാപകനായും വിവിധ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ച ഫാ. മാത്യു 16 വർഷമായി കുന്നോത്ത് സെമിനാരിയിൽ അധ്യാപകനാണ്. മേജർ സെമിനാരി വൈസ് റെക്ടർ, പ്രൊക്യുറേറ്റർ തസ്തികകളിലും സേവനമനുഷ്ഠിച്ചിരുന്നു.

ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി കമ്മീഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനിയാണ് നിയമന പ്രഖ്യാപനം നടത്തിയത്.

കെ. രഘുനാഥിന് അവാർഡ്

തൃശൂർ: അഡ്വ. പുഴങ്കര ബാലനാരായണൻ സ്മാരക അവാർഡ് മുതിർന്ന മാധ്യമപ്രവർത്തകനും നോവലിസ്റ്റുമായ കെ. രഘുനാഥിന്. 10,001 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങിയ അവാർഡ് മാർച്ച് നാലിനു വൈകീട്ട് അഞ്ചിനു പബ്ലിക് ലൈബ്രറി ഹാളിൽ മുൻസ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ സമ്മാനിക്കുമെന്ന് അനുസ്മരണ സമിതി ചെയർമാൻ അഡ്വ വി.എൻ. നാരായണൻ അറിയിച്ചു.

പാക്കിസ്ഥാൻ മോചിപ്പിച്ച 22 മത്സ്യത്തൊഴിലാളികൾ ഗുജറാത്തിലെത്തി

അഹമ്മദാബാദ്: അതിർത്തി കടന്ന് മത്സ്യബന്ധനം നടത്തിയെന്നാരോപിച്ച് 2021 ഏപ്രിലിൽ പാക് നാവിക സേന കസ്റ്റഡിയിലെടുത്ത 22 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ മോചിപ്പിച്ചു. ഇന്നലെ ഇവർ ഗുജറാത്തിലെ ഗിർ സോമനാഥിലെത്തി. 195 മത്സ്യത്തൊഴിലാളികൾകൂടി പാക്കിസ്ഥാനിലെ വിവിധ ജയിലുകളിൽ കഴിയുന്നുണ്ടെന്ന് വെരാവൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ വി. കെ. ഗോയൽ പറഞ്ഞു.

ജയിലുകളിൽ കഴിയുന്ന പലരും രോഗികളാണെന്നും ഭക്ഷണമുൾപ്പെടെ ലഭിക്കുന്നില്ലെന്നും മത്സ്യത്തൊഴിലാളികൾ പറഞ്ഞു.

എഫ്-16 യുദ്ധവിമാനങ്ങളുടെ പരിപാലനം

പാക്കിസ്ഥാന് 39.7 കോടി ഡോളർ അനുവദിച്ച് ട്രംപ് ഭരണകൂടം

സ്വന്തം ലേഖകൻ

ന്യൂഡൽഹി: ഇന്ത്യക്ക് എഫ്-35 യുദ്ധവിമാനങ്ങൾ നൽകാനുള്ള തീരുമാനത്തിനു പിന്നാലെ പാക്കിസ്ഥാന്റെ കൈവശമുള്ള എഫ്-16 യുദ്ധവിമാനങ്ങളുടെ പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കുമായി ട്രംപ് ഭരണകൂടം 39.7 കോടി ഡോളർ അനുവദിച്ചു. 2022ൽ ഇതേ ആവശ്യത്തിന് ജോ ബൈഡൻ ഭരണകൂടം പാക്കിസ്ഥാന് 45 കോടി ഡോളർ നൽകിയിരുന്നു. അമേരിക്കയുടെ തീരുമാനം ഇന്ത്യയുടെ സുരക്ഷാ താത്പര്യങ്ങളെ ബാധിക്കുന്നതാണെന്നും പാക്കിസ്ഥാന് അമേരിക്ക നൽകുന്ന സൈനിക പിന്തുണയാണ് ഇതിലൂടെ വെളിപ്പെടുന്നതെന്നും വിമർശനമുയർന്നിട്ടുണ്ട്.

അതേസമയം, അമേരിക്കയുടെ തീരുമാനം മോദി സർക്കാരിന്റെ നയതന്ത്രക്ഷമതയെപ്പറ്റി ഗുരുതരമായ ചോദ്യങ്ങളുയർത്തുന്നുവെന്ന് കോൺഗ്രസ് ആരോപിച്ചു. എഫ്-16 വിമാനങ്ങൾ പാക്കിസ്ഥാൻ ഇന്ത്യക്കെതിരേ ഉപയോഗിച്ചിട്ടുള്ള ചരിത്രം പരിശോധിക്കുകയാണെങ്കിൽ അമേരിക്കയുടെ തീരുമാനം ഇന്ത്യയുടെ സുരക്ഷയെ ബാധിക്കുന്നതാണെന്ന് കോൺഗ്രസ് മാധ്യമവിഭാഗം അധ്യക്ഷൻ പവൻ ഖേര സമൂഹമാധ്യമമായ എക്സിൽ കുറിച്ചു.

യുപിഎ സർക്കാരിന്റെ കാലത്ത് ഇന്ത്യ-അമേരിക്കൻ ബന്ധം ശക്തമായിരുന്നുവെന്നും എന്നാൽ ഇപ്പോഴത്തെ സംഭവവികാസങ്ങളിൽ മോദിസർക്കാരിന്റെ നയതന്ത്രവീഴ്ചയെ ചോദ്യം ചെയ്യേണ്ടത് അനിവാര്യമാണെന്നും പവൻ ഖേര പറഞ്ഞു.

മൂന്നു പതിറ്റാണ്ട് നീണ്ടുനിന്ന ഇന്ത്യയുമായുള്ള ആണവകരാർ നിരോധനം നീക്കിയാണ് യുപിഎ സർക്കാരിന്റെ കാലത്ത് 2008ൽ ഇരുരാജ്യങ്ങളും ആണവകരാറിൽ ഒപ്പിട്ടത്. അമേരിക്കയുമായുള്ള പ്രതിരോധ സഹകരണം മെച്ചപ്പെടുന്നതിന്റെ ഭാഗമായി 2005ൽ പ്രതിരോധ ചട്ടക്കൂട് കരാറിൽ ഇരു രാജ്യങ്ങളുമെത്തി. പാക്കിസ്ഥാൻ തീവ്രവാദ സംഘടനകളുടെ രഹസ്യാന്വേഷണ വിവരങ്ങൾ ഇന്ത്യക്ക് നൽകുന്നതിനായുള്ള അമേരിക്കയുടെ തീവ്രവാദവിരുദ്ധ സഹകരണം 2008നു ശേഷം മെച്ചപ്പെട്ടു. ചേരിചേരാ നയത്തെ പരിപോഷിപ്പിച്ചുകൊണ്ടുതന്നെ സന്തുലിതവും എന്നാൽ ശക്തവുമായ വിദേശനയം കോൺഗ്രസിനു കീഴിൽ സ്വീകരിക്കാൻ കഴിഞ്ഞുവെന്നും പവൻ ഖേര ചൂണ്ടിക്കാട്ടി.

എന്നാൽ സമീപകാലത്തെ പ്രതിരോധ ഉടമ്പടികൾ ആശങ്കപ്പെടുത്തുന്നതാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

പതിനാലുകാരനൊപ്പം പോയ വീട്ടമ്മയ്ക്കെതിരേ പോക്സോ കേസ്

ആലത്തൂർ: വീട്ടമ്മ മകന്റെ സുഹൃത്തായ പതിനാലുകാരനെ തട്ടിക്കൊണ്ടുപോയതായി പരാതി. കുനിശേരി കുതിരപ്പാറ സ്വദേശിനിയാണ് മകന്റെ കൂട്ടുകാരനായ പതിനാലുവയസുകാരനൊപ്പം നാടുവിട്ടത്.

സ്കൂളിലെ പരീക്ഷ കഴിഞ്ഞു മകൻ വീട്ടിൽ എത്താത്തതിനെതുടർന്ന് വീട്ടുകാർ നടത്തിയ അന്വേഷണത്തിലാണ് വീട്ടമ്മയോടൊപ്പം ഉള്ളതായി വിവരം ലഭിച്ചത്. ആലത്തൂർ പോലീസിൽ പരാതി നൽകിയതിനെതുടർന്ന് എറണാകുളത്തുവച്ചാണ് വീട്ടമ്മയെയും കുട്ടിയെയും കണ്ടെത്തിയത്.

വീട്ടുകാരുടെ പരാതിയിൽ കുട്ടിയെ തട്ടിക്കൊണ്ടുപോയതിനു വീട്ടമ്മയ്ക്കെതിരേ കേസെടുത്തു. ഇന്നലെ പരീക്ഷ കഴിഞ്ഞശേഷം യുവതിക്കടുത്തെത്തിയ വിദ്യാർഥിയാണ് എങ്ങോട്ടെങ്കിലും പോകാമെന്നു പറഞ്ഞതെന്നാണ് പോലീസ് പറയുന്നത്. എന്നാൽ, പ്രായപൂർത്തിയാകാത്ത ആൺകുട്ടിയായതിനാൽ യുവതി പ്രതിയായി.

നാടുവിട്ട ഇരുവരും പാലക്കാടുനിന്ന് എറണാകുളത്ത് എത്തിയപ്പോഴേക്കും പോലീസ് ഇരുവരെയും പിടികൂടി. പിന്നീട് പാലക്കാട്ടേക്കു തിരിച്ചെത്തിച്ചു. കുട്ടിയെ മാതാപിതാക്കൾക്കൊപ്പം വിട്ടു. ഭർത്താവുമായി അകന്നുകഴിയുന്ന യുവതിക്കെതിരേ പോക്സോ നിയമപ്രകാരം കേസെടുത്തതായി ആലത്തൂർ പോലീസ് അറിയിച്ചു.

ചെന്താമരയുടെ ജാമ്യാപേക്ഷ; വിധി നാളെ

പാലക്കാട്: നെന്മാറ ഇരട്ടക്കൊലപാതക കേസ് പ്രതി ചെന്താമരയുടെ ജാമ്യാപേക്ഷയിൽ വിധി നാളെ. ആലത്തൂർ ജുഡീഷൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് വിധി പറയുക.

കഴിഞ്ഞദിവസമാണ് ചെന്താമര അഭിഭാഷകൻ ജേക്കബ് മാത്യു മുഖേന ജാമ്യാപേക്ഷ സമർപ്പിച്ചത്. തന്റെ അറസ്റ്റ് നടപടിക്രമങ്ങൾ പാലിച്ചല്ലെന്നാണ് ചെന്താമരയുടെ വാദം. താനാണ് കൊലപാതകം നടത്തിയതെന്ന കുറ്റസമ്മതമൊഴി നൽകിയിട്ടില്ലെന്നും പോലീസ് അതെല്ലാം എഴുതിച്ചേർത്ത് ഒപ്പുവയ്പിച്ചതാണെന്നും ചെന്താമര കോടതിയിൽ വാദിച്ചു.

എന്നാൽ ചെന്താമരയുടെ വാദങ്ങളെ പ്രോസിക്യൂഷൻ നിരസിച്ചു. കൊലപാതകത്തിനുശേഷം ആയുധവുമായി ചെന്താമര ഇറങ്ങിപ്പോകുന്നതു കണ്ട സാക്ഷികൾ ഉണ്ടെന്നു പ്രോസിക്യൂഷൻ കോടതിയിൽ പറഞ്ഞു. ഇന്നലെ അവസാനിച്ച ചെന്താമരയുടെ റിമാൻഡ് കാലാവധി നീട്ടിയിട്ടുണ്ട്.

നേരത്തേ രഹസ്യമൊഴി രേഖപ്പെടുത്താനെത്തിയപ്പോൾ കുറ്റസമ്മതമൊഴി നൽകാൻ തയാറല്ലെന്നു ചെന്താമര അറിയിച്ചിരുന്നു. അഭിഭാഷകനെ കണ്ടശേഷമാണ് പ്രതി തീരുമാനം മാറ്റിയത്.

ഇക്കഴിഞ്ഞ ജനുവരി 27 നാണ് പോത്തുണ്ടിയിൽ നാടിനെ നടുക്കിയ ഇരട്ടക്കൊലപാതകം.

തെലുങ്കാന തുരങ്ക അപകടം

രക്ഷാപ്രവർത്തനത്തിനു തടസം ശക്തമായ ജലപ്രവാഹം

ഹൈദരാബാദ്: തെലുങ്കാന നാഗർകർണൂൽ എസ്എൽബിസി തുരങ്കത്തിലേക്കുള്ള വെള്ളത്തിന്റെ ശക്തമായ ഒഴുക്ക് രക്ഷാപ്രവർത്തനം ദുഷ്കരമാക്കുന്നതായി ജലസേചന മന്ത്രി ഉത്തം കുമാർ റെഡ്ഡി. അപകടസ്ഥലം ചെളിയും അവശിഷ്ടങ്ങളുംകൊണ്ട് മൂടപ്പെട്ടിരിക്കുകയാണ്. തുരങ്കത്തിലെ വിടവിലൂടെയുള്ള ജലപ്രവാഹം രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുന്നവരുടെ ജീവൻ പോലും അപകടത്തിലാക്കിയേക്കാമെന്നും മന്ത്രി പറഞ്ഞു.

എട്ട് പേരാണു തുരങ്കത്തിൽ കുടുങ്ങിക്കിടക്കുന്നത്. തുരങ്കത്തിലേക്ക് തുടർച്ചയായി ഓക്സിജൻ പമ്പ് ചെയ്യുന്നുണ്ടെങ്കിലും ഇവരിൽനിന്ന് യാതൊരു പ്രതികരണവും ലഭിച്ചിട്ടില്ല. തൊഴിലാളികളെ രക്ഷപ്പെടുത്താൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

അന്തർസംസ്ഥാന മോഷ്ടാവ് പിടിയിൽ

കൊടകര: കേരളത്തിലും തമിഴ്നാട്ടിലും നടന്ന നിരവധി മോഷണക്കേസുകളിൽ പ്രതിയായ തൃശിനാപ്പിള്ളി സ്വദേശി ധർമരാജനെ(30) കൊടകര പോലീസ് അറസ്റ്റ് ചെയ്തു.

അറസ്റ്റിലായ ധർമരാജൻ

2021 ൽ പേരാമ്പ്ര ഫിഷ് കീപ്പേഴ്സ് എന്ന സ്ഥാപനം കുത്തിത്തുറന്നു മോഷണം നടത്തിയ കേസിലാണ് ഇയാൾ അറസ്റ്റിലായത്. മോഷണസമയത്തു സിസിടിവിയിൽ ധർമരാജന്റെ മുഖം വ്യക്തമായി പതിഞ്ഞിരുന്നു. ഒളിവിൽപ്പോയ ധർമരാജനുവേണ്ടി തമിഴ്നാട്ടിലും കേരളത്തിലും മറ്റും പോലീസ് അന്വേഷിച്ചിരുന്നുവെങ്കിലും പിടികിട്ടിയിരുന്നില്ല.

പേരാമ്പ്രയിൽ ഈ മാസം 10നു നടന്ന കവർച്ചയുമായി ബന്ധപ്പെട്ട് കൊടകര ഇൻസ്പെക്ടർ പി.കെ. ദാസ് നടത്തിയ അന്വേഷണത്തിലാണ് ധർമരാജൻ തമിഴ്നാട് പുതുക്കോട്ട ജില്ലാ ജയിലിൽ ഉള്ളതായി വിവരം ലഭിച്ചത്. ഈ മാസം 15നാണ് തമിഴ്നാട് പോലീസ് അറസ്റ്റുചെയ്ത ഇയാൾ ജയിലിലായത്.

ജില്ലാ പോലീസ് മേധാവിയുടെ നിർദേശപ്രകാരം ഇരിങ്ങാലക്കുട ജുഡീഷൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽനിന്ന് പ്രൊഡക്ഷൻ വാറന്റ് ഇഷ്യു ചെയ്താണ് പുതുക്കോട്ട ജയിലിൽനിന്ന് പ്രതിയെ കൊടകര പോലീസ് സ്റ്റേഷനിൽ എത്തിച്ച് അറസ്റ്റ് രേഖപ്പെടുത്തിയത്.

മുഹമ്മദ് സലിം വീണ്ടും സിപിഎം ബംഗാൾ സെക്രട്ടറി

കോൽക്കത്ത: സിപിഎം ബംഗാൾ സംസ്ഥാന സെക്രട്ടറിയായി മുഹമ്മദ് സലിമിനെ വീണ്ടും തെരഞ്ഞെടുത്തു. ഹുഗ്ലി ജില്ലയിലെ ഡാങ്കുനിയിൽ നടന്ന 27-ാം പാർട്ടി കോൺഗ്രസിൽ 80 അംഗ സംസ്ഥാന സമിതിയെയും തെരഞ്ഞെടുത്തു.

അപേക്ഷ ക്ഷണിച്ചു

മാടക്കത്തറ: ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കുന്നതിനായി മാടക്കത്തറ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസായവരിൽനിന്ന് അപേക്ഷ ക്ഷണിക്കുന്നു. ഉദ്യോഗാർഥികൾ 28 നു രാവിലെ 11 നു പഞ്ചായത്ത് ഓഫീസിൽ ഹാജരാകണം.

ഇ-ലേല വിൽപ്പന അറിയിപ്പ് റീജിയണൽ ഓഫീസ് : ഇരിഞ്ഞാലക്കുട

VI/950-C & D, AKP സെന്റർ, ക്രൈസ്റ്റ് കോളേജ്, ക്രൈസ്റ്റ് നഗർ, ഇരിഞ്ഞാലക്കുട-680125
Ph: 0480-2829336 (CM), 2821336 (Gen) ro1017@sib.co.in www.southindianbank.com CIN No.L65191KL1929PLC001017

SOUTH INDIAN Bank EXPERIENCE NEXT-GEN BANKING

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002ന്റെ റൂൾ 8(6) & 9(1) പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപ്പനക്കായുള്ള ഇ-ലേല വിൽപ്പന അറിയിപ്പ്. താഴെ പ്രസ്താവിക്കുന്ന സ്ഥാവര വസ്തുവകകൾ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, ബ്രാഞ്ചിൽ (സെക്യൂരിറ്റൈസ്ഡ് ക്രെഡിറ്റർ) പണയപ്പെടുത്തിയിട്ടുള്ളതും ചുമതലപ്പെടുത്തിയ ഓഫീസർ ഭൗതീകമായി കൈവശത്തിലെടുത്തിട്ടുള്ളതുമാണ്. താഴെ സൂചിപ്പിച്ച വായ്പ്പക്കാർ & ജാമ്യക്കാർ ആയവരിൽ നിന്നും ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ ബ്രാഞ്ചിലേക്ക് താഴെ സൂചിപ്പിച്ച തുക ഈടാക്കി കിട്ടുന്നതിലേയ്ക്കായി 'എവിടെയാണോ' 'എങ്ങിനെയാണോ' 'എന്തു തന്നെയായാലും അങ്ങനെതന്നെ' എന്ന വ്യവസ്ഥയിൽ താഴെ സൂചിപ്പിച്ച തീയതിയിലും സ്ഥലത്തും വെച്ച് വിൽപ്പന നടത്തുന്നതാണെന്ന് പൊതു ജനങ്ങൾക്ക് പൊതുവായും പ്രത്യേകിച്ച് വായ്പ്പക്കാർക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു

1 ബ്രാഞ്ച്: മാള | അക്കൗണ്ട്: M/s.അൽ മാ ഈദ് ഫുഡ് പ്രൊഡക്ട്സ് | Ref: RO-IJK/SAR/0647/SN/77/2024-25 തീയതി: 20.02.2025

വായ്പ്പക്കാർ/ജാമ്യക്കാർ: (1). M/s. അൽ മാ ഈദ് ഫുഡ് പ്രൊഡക്ട്സ്, പാർട്ട്ണർമാർ പ്രതിനിധീകരിക്കുന്നു, ഡോർ നമ്പർ. II/34B, മാള പള്ളിപ്പുറം പി.ഒ., ട്രാൻസ്പോർട്ട് ബസ്സ് സ്റ്റാൻഡിന് സമീപം, മാള, തൃശ്ശൂർ-680732. **(2).ശ്രീമതി. ഉമൈബാൻ സാദിഖ്,** W/o. സാദിഖ്, പാർട്ട്ണർ: M/s. അൽ മാ ഈദ് ഫുഡ് പ്രൊഡക്ട്സ്, കടവിൽ ഹൗസ്, മാള പള്ളിപ്പുറം പി.ഒ, തൃശ്ശൂർ-680732. **(3).ശ്രീ.സാദിഖ്,** S/o. അബ്ദു, പാർട്ട്ണർ: M/s. അൽ മാ ഈദ് ഫുഡ് പ്രൊഡക്ട്സ്, കടവിൽ ഹൗസ്, മാള പള്ളിപ്പുറം പി.ഒ, തൃശ്ശൂർ-680732. **(4). ശ്രീ.അഷ്റഫ് പി.എ,** പള്ളത്തുപറമ്പിൽ ഹൗസ്, കൂരുവിളശ്ശേരി പി.ഒ, തൃശ്ശൂർ-680732. **(5).ശ്രീമതി. സബീന അഷ്റഫ്,** പള്ളത്തുപറമ്പിൽ ഹൗസ്, കൂരുവിളശ്ശേരി പി.ഒ., തൃശ്ശൂർ- 680732.

ഈടാക്കുവാനുള്ള തുക : 19.02.2025 ന് രൂ.2,75,77,474.05/- (രണ്ട് കോടി എഴുപത്തിയഞ്ച് ലക്ഷത്തി എഴുപത്തിയേഴായിരത്തി നാന്നൂറ്റി എഴുപത്തിനാല് രൂപ അഞ്ച് പൈസ മാത്രം) തുടർന്നുള്ള പലിശയും നഷ്ടങ്ങളും ചിലവുകളും മുതലായവ സഹിതം.

ഇനം നമ്പർ.1 :- വസ്തു ഉടമയുടെ പേര് : **ശ്രീ.സാദിഖ്. വസ്തു വിവരണം:** തൃശ്ശൂർ ജില്ല, കൊടുങ്ങല്ലൂർ താലൂക്ക്, പള്ളിപ്പുറം വില്ലേജ്, സർവ്വെ നമ്പർ 77/1 ൽപ്പെട്ട 11.21 ആർസ് (ഏകദേശം 27.70 സെന്റ്) ഭൂമിയുടെ എല്ലാ അംശങ്ങളും ഭാഗങ്ങളും അതോടൊപ്പം 1850 Sqft. വിസ്തീർണ്ണമുള്ള പുതിയ കെട്ടിടവും ഒരു പഴയ കെട്ടിടവും മറ്റ് എല്ലാ മെച്ചപ്പെടുത്തലുകളും അനുഭവങ്ങളും മറ്റ് എല്ലാ നിലവിലുള്ള അവകാശങ്ങളും അടക്കം ശ്രീ.സാദിഖ് പേരിലുള്ളതും 12.08.2004 തീയതിയിലെ 1668/1/2004-ാം നമ്പർ ഭാഗാധാരത്തിൽ കൂടുതൽ പൂർണ്ണമായി വിവരിച്ചിരിക്കുന്നതുമാണ്. അതിർത്തികൾ: കിഴക്ക്: റോഡ്. പടിഞ്ഞാറ്: കടവിൽ മറിയം ബീവി വക വസ്തു. വടക്ക്: റോഡ്. തെക്ക്: കടവിൽ മറിയം ബീവി വക വസ്തു.

കരുതൽ വില: രൂ.1,35,00,000/- (ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) നിരതദ്രവ്യം (EMD) : രൂ.13,50,000/- (പതിമൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം)

ഇനം നമ്പർ.2 :- വസ്തു ഉടമയുടെ പേര് : **ശ്രീമതി. ഉമൈബാൻ സാദിഖ്. വസ്തു വിവരണം:** തൃശ്ശൂർ ജില്ല, കൊടുങ്ങല്ലൂർ താലൂക്ക്, പള്ളിപ്പുറം വില്ലേജ്, സർവ്വെ നമ്പർ 77/1 ൽപ്പെട്ട 6.60 ആർസ് (ഏകദേശം 16.30 സെന്റ്) ഭൂമിയുടെ എല്ലാ അംശങ്ങളും ഭാഗങ്ങളും അതോടൊപ്പം 3144 Sqft. വിസ്തീർണ്ണമുള്ള കെട്ടിടവും മറ്റ് എല്ലാ മെച്ചപ്പെടുത്തലുകളും അനുഭവങ്ങളും മറ്റ് എല്ലാ നിലവിലുള്ള അവകാശങ്ങളും അടക്കം ശ്രീമതി. ഉമൈബാൻ സാദിഖ് പേരിലുള്ളതും 28.12.2016 തീയതിയിലെ 2032/2016-ാം നമ്പർ സെറ്റിൽമെന്റ് ആധാരത്തിൽ കൂടുതൽ പൂർണ്ണമായി വിവരിച്ചിരിക്കുന്നതുമാണ്. അതിർത്തികൾ: കിഴക്ക്: സാദിഖ് വക വസ്തു. പടിഞ്ഞാറ്: കലാം എടത്തുപുര വക വസ്തു. വടക്ക്: റോഡ്. തെക്ക്: റഷീദ് വാണിയപുര വക വസ്തു. **ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: ഇല്ല.**

കരുതൽ വില: രൂ.65,00,000/- (അറുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) നിരതദ്രവ്യം (EMD) : രൂ.6,50,000/- (ആറ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം)

2 ബ്രാഞ്ച്: ചാലക്കുടി | അക്കൗണ്ട്: M/s.നവരത്ന ഹൈപ്പർമാർക്കറ്റ് | Ref: RO-IJK/SAR/0012/SN/72/2024-25 തീയതി: 20.02.2025

വായ്പ്പക്കാർ/ജാമ്യക്കാർ: (1). ശ്രീ. ഉമ്മർ ടി കെ, പ്രൊപ്രൈറ്റർ M/s.നവരത്ന ഹൈപ്പർമാർക്കറ്റ്, S/o. പരേതനായ ഖാദർകുഞ്ഞി, ഡോർ നമ്പറുകൾ: XII/782-E2, E3 & G, അഷ്ടമിച്ചിറ, തൃശ്ശൂർ-680731. താമസം:- താനാത്തുപറമ്പിൽ ഹൗസ്, അഷ്ടമിച്ചിറ, തൃശ്ശൂർ-680731. (2). ശ്രീമതി. ലൈല വലിയകത്ത് വാപ്പു, W/o. ഉമ്മർ ടി കെ, താനത്തുപറമ്പിൽ ഹൗസ്, അഷ്ടമിച്ചിറ, തൃശ്ശൂർ-680731. (3). ശ്രീ. യാസിർ ടി കെ, S/o. ഉമ്മർ ടി കെ, താനത്തുപറമ്പിൽ ഹൗസ്, അഷ്ടമിച്ചിറ, തൃശ്ശൂർ-680731.

**ഈടാക്കുവാനുള്ള തുക : 19.02.2025 ന് രൂ.52,10,24,061.99/- (അമ്പത്തിരണ്ട് കോടി പത്ത് ലക്ഷത്തി ഇരുപത്തിനാലായിരത്തി അറുപത്തിയൊന്ന് രൂപ തൊണ്ണൂറ്റിയൊമ്പത് പൈ